ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി 22.4.1999-ൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി

101 (150) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ആറൻമുള നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) നടപ്പ് സാമ്പത്തിക വർഷം എവിടെയൊക്കെ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

മരുന്നുകളുടെ ഗുണനിലവാരം

102 (151) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരം ഉറപ്പുവരുത്തി ഔഷധ വിതരണം നടത്തുന്നതിൽ വീഴ്ച സംഭവിച്ചത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന ഔഷധങ്ങൾ ഗുണനിലവാരമുള്ളവയായിരിക്കുവാൻ വേണ്ട എന്തെങ്കിലും പുതിയ നടപടിക്രമം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗുണനിലവാരം ഉറപ്പ് വരുത്താതെ ഔഷധങ്ങൾ വിതരണം ചെയ്യുന്ന നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ പുതിയ നടപടിക്രമങ്ങളൊന്നും ആവിഷ്കരിച്ചിട്ടില്ല.

മരുന്നുവാങ്ങുന്നതിനുള്ള നടപടി

103 (152). ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ.കെ. മണി :
പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഹെൽത്ത് സർവ്വീസസ് വകുപ്പിനാവശ്യമായ മരുന്നുകളിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ലഭ്യമായവ അവിടെ നിന്ന് വാങ്ങണമെന്ന് ഉത്തരവ് ഇറക്കിയിരുന്നുവോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഗവൺമെന്റ് പ്രസ്തുത ഉത്തരവ് പിൻവലിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ ലഭ്യമായ മരുന്നുകൾ ഹെൽത്ത് സർവ്വീസസ് വകുപ്പ് അവിടെ നിന്നു വാങ്ങുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കമ്പനി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ ഹെൽത്ത് സർവീസസ് വകുപ്പിന്റെ ആവശ്യത്തിലേക്ക് വാങ്ങാത്തവരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ജി.ഒ. (എം.എസ്.) 179/84/എച്ച്.ഡി. തീയതി 2.7.1984 അനുസരിച്ച് ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകളുടെ ലിസ്റ്റ് സി.പി.സി. അംഗീകരിച്ച് കമ്പനികൾക്ക് അയച്ചുകൊടുക്കുകയും ഈ കമ്പനികൾ നിരക്കു കാട്ടുചെയ്യുകയും ചെയ്യുന്നു. ഇപ്രകാരം കാട്ടു ചെയ്യുന്ന നിരക്കിൽ കെ.എസ്.ഡി.പി. യാണ് ലോവസ്റ്റ് റേറ്റ് കാട്ടു ചെയ്തിട്ടുള്ളതെങ്കിൽ അവർക്കു നൽകും. പ്രസ്തുത ഉത്തരവിന് 28.1.1998-ലെ ജി.ഒ. (എം.എസ്) 17/98/ഐ.ഡി. പ്രകാരം താഴെ കാണുന്ന ഭേദഗതി വരുത്തുകയുണ്ടായിട്ടുണ്ട്. 1998-99-ൽ ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകളുടെ 60% കെ.എസ്.ഡി.പി.ൽ നിന്നും സംസ്ഥാനത്തെ ഐ.എസ്.ഐ. യൂണിറ്റുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവ കാട്ടു ചെയ്യുന്ന വിലയെക്കാൾ 20% പ്രൈസ് പ്രിഫറൻസ് നൽകി വാങ്ങുന്ന പ്രക്രിയ തുടരും ഇതിൽ സാധാരണ പ്രൈസ് പ്രിഫറൻസിനുപരിയായിട്ടുള്ള 10% പ്രൈസ് പ്രിഫറൻസ് തുക വ്യവസായ വകുപ്പ് ആരോഗ്യ വകുപ്പിനും കെ.എസ്.ഡി.പി.ക്കും 5% എന്ന നിരക്കിൽ റീഇമ്പേഴ്സ് ചെയ്യും.

(സി) കെ.എസ്.ഡി.പി. യിൽ ലഭ്യമായ മരുന്നുകൾ അവിടെ നിന്നുമാണ് വാങ്ങുന്നത്. എന്നാൽ ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ

LIBRARY ARCHIVES Kerala Legislative Assembly